പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

കൂടാതെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (BEE) DISCOMs കളിലെ കപ്പാസിറ്റി ബിൽഡിംഗ് പദ്ധതിയിലും കേരള സംസ്ഥാന വൈദ്യുതബോർഡ് അംഗമാണ്. ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ DSM (ഡിമാന്റ് സൈഡ് മാനേജ്മെന്റ്) സെല്ലുകൾ രൂപീകരിക്കുകയും ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ ക്യാമ്പെയ്നുകൾ നടത്തിവരുകയും ചെയ്യുന്നു.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് KSEB 7 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

## സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

23 (*53) ശ്രീ. എളമരം കരീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിമൂലം ഈ മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കുകയുണ്ടായെന്നും അത് എത്ര മാത്രം ഫലപ്രദമായിരുന്നുവെന്നും വിശദമാക്കാമോ ;

(ഡി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് പ്രഖ്യാപിച്ച



LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഇല്ല

(സി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി * ചേർത്തിരിക്കുന്നു. നടപ്പിലാക്കി വരുന്ന പദ്ധതികളെല്ലാം ഫലപ്രദമാണ്.

(ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ 2013-14 വർഷത്തിൽ അനുവദിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കരകൗശലമേഖലയുടെ ഉന്നമനത്തിനും കരകൗശല മേഖലയിലെ പരിചയസമ്പന്നരായ തൊഴിലാളികളുടെ വരുമാന വർദ്ധനവിനുവേണ്ടിയും യഥാക്രമം സുരഭിക്ക് 2 കോടി രൂപയും കരകൗശല വികസന കോർപ്പറേഷന് 2 കോടി രൂപയും പ്രാഥമിക കരകൗശല സംഘങ്ങൾക്ക് 2 കോടി രൂപയും 2014-15 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. പ്രസ്തുത പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഏതാണ്ട് എല്ലാ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാതൃകാ കയർഗ്രാമം സ്ഥാപിക്കൽ എന്ന പദ്ധതിയും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കൽ, CIAL മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നൊവേഷൻ ഫണ്ട്, നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കൽ എന്നീ പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊണ്ട് സംഭരണം കൂടുതൽ ഫലപ്രദമായി നടത്താൻ നാളീകേര വികസന ബോർഡുമായി സഹകരിച്ച് ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ നൽകുവാനുള്ള കടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഏഴുകോടി രൂപയുടെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവും ഉല്പാദനവർദ്ധനവും**

24 (*54) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നില്ല എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ ഉല്പാദന രംഗത്ത് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയെന്നും പ്രഖ്യാപിച്ച പദ്ധതികളിൽ സമയബന്ധിതമായി പ്രാവർത്തികമാക്കാൻ സാധിച്ച പദ്ധതികൾ ഏതൊക്കെയെന്നും മറ്റു പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് കമ്മീഷൻ ചെയ്ത വൈദ്യുതി പദ്ധതികളിലൂടെ എത്ര സ്ഥാപിതശേഷി വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly